ആർ ബി ഐ/2006-2007/214

DBOD No. Leg. B.C. 49/09-07-005/2006-07

ഡിസംബർ 18, 2006

എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും ( ആർ ആർ ബികൾ ഒഴികെ)

സർ,

**ചെക്കു ഡ്രോപ് സൗകര്യവും, ചെക്കു കിട്ടിയ വിവരം അറിയിക്കുന്നതിനുള്ള സൗകര്യവും.**

1. ദയവായി 2004 ഏപ്രിൽ 10 ലെ ഞങ്ങളുടെ സർക്കുലർ നമ്പർ DBOD No. Leg. B.C. 74/09-07-005/2003-04 നോക്കുക. അതനുസരിച്ചു ഉപഭോക്താക്കൾക്ക് സ്ഥിരം സ്വീകരണകൗണ്ടറുകളിൽ ഡ്രോപ് ബോക്സ് സൗകര്യം ചെക്കുകിട്ടുന്നത് അറിയിക്കുന്നതിനുള്ള സൗകര്യവും ഉറപ്പുവരുത്തണമെന്നും ഇക്കാര്യത്തിൽ ഒരു ശാഖയും വീഴ്ച വരുത്തരുതെന്നും ബാങ്കുകളെ അറിയിച്ചിട്ടുണ്ട്.
2. പല ബാങ്കുശാഖകളിലും കൗണ്ടറുകളിൽ ചെക്ക് സ്വീകരിക്കാതെ പെട്ടിയിൽ നിക്ഷേപിക്കാൻ നിർബന്ധിക്കുകയാണെന്ന് റിസർവ് ബാങ്കിനും ഓംബുഡ്സ്മാനും പരാതി ലഭിയ്ക്കുന്നു. അതുകൊണ്ട് മുകൾപ്പറഞ്ഞ നിർദ്ദേശങ്ങൾ ബാങ്കുകൾ കർശനമായി പാലിക്കണമെന്നും മേലിൽ ഉപഭോക്താക്കളെ ചെക്ക് പെട്ടിയിൽ നിക്ഷേപിക്കാൻ നിർബന്ധിക്കില്ലെന്നും ഉറപ്പുവരുത്തണം.

   ഈ സന്ദർഭത്തിൽ ചെക്കുകൾ പെട്ടിയിൽ ഇടുന്നതിനും കൗണ്ടറിൽ കൊടുക്കുന്നതിനുമുള്ള അവകാശത്തെക്കുറിച്ച് ഉചിത തീരുമാനമെടുക്കാൻ ഇത് ഇടപാടുകാരെ അറിയിക്കേണ്ടതാണ്. അതിനായി ബാങ്കുകൾ ഇപ്രകാരം ഡ്രോപ് പെട്ടിയിൽ ഒരു നോട്ടീസ് പ്രദർശിപ്പിക്കണം. ഇടപാടുകാർക്ക് കൗണ്ടറിൽ കൊടുത്തു അതിനുള്ള രസീതു വാങ്ങുവുന്നതാണ്.
3. കത്തു കിട്ടിയ വിവരം അറിയിക്കുക.

വിശ്വസ്തതയോടെ

(പ്രശാന്ത് സരൻ)

ചീഫ് ജനറൽ മാനേജർ ഇൻ ചാർജ്